**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **05.12.2018-ൽ മറുപടിക്ക്**
**നമ്പർ.1971**

## സുപ്രീംകോടതി വിധിക്കെതിരെ പ്രതിഷേധിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ

**ചോദ്യം**
**ശ്രീ. യു.ആർ. പ്രദീപ്**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കേരള സർവ്വീസ് റൂൾ അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും മതസംഘടനകളിലും രാഷ്ട്രീയ പാർട്ടികളിലും ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുമോ; | (എ) | 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 67, 67A എന്നിവ പ്രകാരം ഏതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ പങ്കെടുക്കുന്ന ഏതെങ്കിലും സംഘടനയിലോ അംഗമാകുവാനോ മറ്റുരീതിയിൽ അവരുമായി സഹകരിക്കുവാനോ, അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിലോ, പ്രവർത്തനത്തിലോ പങ്കെടുക്കുവാനോ പാടില്ല എന്നും, മത സാമുദായിക സംഘടനകളുടെയും, അപ്രകാരമുള്ള ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും ഔദ്യോഗിക ഭാരവാഹിത്വം വഹിക്കുവാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധി നിലനിൽക്കെ ആചാരലംഘനത്തിന്റെ പേരു പറഞ്ഞ് പ്രതിഷേധിക്കുന്നവരുടെ കൂട്ടത്തിൽ ചില സർക്കാർ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നു എന്ന മാധ്യമ വാർത്തകളിൽ വാസ്തവം ഉണ്ടോ; | (ബി) യും (സി) യും | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ